പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2809 10.07.2015 - ൽ മറുപടിയ്ക്ക്

**സ്നേഹപൂർവ്വം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ആർ. രാജേഷ്<br>ഡോ.കെ.ടി ജലീൽ<br>ശ്രീമതി .പി. അയിഷാ പോറ്റി | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്നേഹപൂർവ്വം പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളവർക്ക് ആയത് നൽകാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശം നൽകാമോ ; | (ബി) | കഴിഞ്ഞിട്ടില്ല. 2013-14 വർഷത്തിൽ നേരിട്ട് ലഭിച്ച അപേക്ഷകളിൽ അപാകത പരിഹരിച്ച് ലഭിച്ച ഏകദേശം 2250 ഗുണഭോക്താക്കൾക്ക് 1,75,00,000/- രൂപ അനുവദിച്ച് നൽകുവാനുണ്ട്. ഈ ധനസഹായം ആഗസ്റ്റ് മാസം നൽകുന്നതാണ്. 2014-15 അദ്ധ്യായനവർഷം മുതൽ അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപനമേധാവി മുഖേന ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. 50,000 ത്തിൽ കൂടുതൽ അപേക്ഷകൾ ഓൺലൈൻ ആയി 2015 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ലഭിച്ചിട്ടുണ്ട്. ആയതിൽ സ്ഥാപനങ്ങളിൽ നിന്നും കംപ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് ലഭിച്ച 36530 പേരുടെ അപേക്ഷകൾ ഓൺലൈൻ ആയി അംഗീകരിച്ചതിൽ 27103 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് ലഭിച്ചവരിൽ ശേഷിക്കുന്ന 9427 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച ബാക്കിയുള്ളവരുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ ? | (സി) | 2015-16 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ